"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം - ഡോ.മുഹമ്മദ് ഷാഫി. പി.എ ഫയൽ ചെയ്ത ഒഎ (ഇകെഎം) 1037/2023 നമ്പർ കേസിൽ ബഹു ട്രിബ്യൂണൽ 21.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2632/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023

പരാമർശം:-
1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.മുഹമ്മദ് ഷാഫി.പി.എ സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.മുഹമ്മദ് ഷാഫി.പി.എ ഫയൽ ചെയ്ത ഒഎ (ഇകെഎം) 1037/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 21.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, കൊല്ലം ജില്ലയിലെ കുന്നത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.മുഹമ്മദ് ഷാഫി.പി.എ യെ കൊല്ലം ജില്ലയിലെ പത്തനാപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.മുഹമ്മദ് ഷാഫി.പി.എ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ (ഇകെഎം) 1037/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാനെ നേരിൽ കേൾക്കുന്നതിനും ടിയാന്റെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനേയും എതിർ കക്ഷിയേയും നേരിൽ കേൾക്കുകയും



GOVERNMENT OF KERALA 2017-18

അപേക്ഷകന്റെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. അപേക്ഷകൻ കരൾമാറ്റ ശസ്ത്രക്രിയക്ക് വിധേയനായ ആളാണെന്നതിനാൽ ടിയാന്റെ ആരോഗ്യ സ്ഥിതി പരിഗണിച്ച് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാന് സൗകര്യപ്രദമായ സ്റ്റേഷനിൽ നിലവിലുള്ളതോ ഇനി ഉണ്ടാകാനിടയുള്ളതോ ആയ ഒഴിവിലേക്ക് അർഹതക്കനുസരിച്ച് ടിയാനെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

(3) കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.മുഹമ്മദ് ഷാഫി. പി.എ യുടെ ആരോഗ്യ സ്ഥിതി പരിഗണിച്ച് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാന് സൗകര്യപ്രദമായ സ്റ്റേഷനിൽ നിലവിലുള്ളതോ ഇനി ഉണ്ടാകാനിടയുള്ളതോ ആയ ഒഴിവിലേക്ക് അർഹതക്കനുസരിച്ച് ടിയാനെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SREEJITH V P**
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.മുഹമ്മദ് ഷാഫി.പി.എ ,അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, കുന്നത്തൂർ, കൊല്ലം.
ഡോ.അജു.എ., അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

I/93659/2023

**മേലെഴുത്ത് നം: ഇ.എ2-12204/2023/ആ.വ.ഡ തീയതി :12-10-2023**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

.789

GOVERNMENT OF KERALA 2017-18